M 6366

Reg. No.: ..............................

Name : ..................................

**IV Semester B.A. Degree (CCSS – Reg./Supple./Improv.) Examination, May 2014**
**CORE COURSE IN MALAYALAM**
**4B 06 MAL : മലയാള വിമർശനം**
**(2012 Admission)**

Time : 3 Hours                                                                 Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ്) **1** : **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

   a) ഏകാന്ത നഗരങ്ങൾ

   b) സാഹിത്യഭൂഷണം

   c) ഇടപെടലുകൾ

   d) കാവ്യപീഠിക

2) ഉത്തരമെഴുതുക.

   a) ''കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ'' എന്നാഹ്വാനം ചെയ്ത കവി

   b) ആശാന്റെ ചിത്രയോഗ നിരൂപണം അച്ചടിച്ചു വന്ന മാസിക

   c) ''കവിതാരീതിയിൽ കാളിദാസനായിരുന്നില്ല, പ്രത്യുത, ശ്രീഹർഷനായിരുന്നു അദ്ദേഹത്തിന്റെ ആദർശം'' ആരുടെ ?

   d) പ്രാസവാദത്തിൽ ഉള്ളൂർ ആരുടെ പക്ഷത്തായിരുന്നു ?

3) ''ഈ കവിത എഴുതിയ ആളിനെക്കുറിച്ച് നമുക്ക് സധൈര്യം പറയാവുന്ന ഒരു സത്യമുണ്ട് : അദ്ദേഹം നരകം സന്ദർശിച്ചവനാണ് ''

   a) കവിത ഏത് ?

   b) കവി ആര് ?

   c) ഏതു ലേഖനം ?

   d) എഴുതിയത് ആര് ?

P.T.O.

4) ഉത്തരമെഴുതുക.

a) മലയാളത്തിൽ ആദ്യമായി ഗ്രന്ഥനിരൂപണം പ്രത്യക്ഷപ്പെട്ട മാസിക ?

b) 'തിന്മയുടെ പൂക്കൾ' (Flowers of Evil) എന്ന കവിതാസമാഹാരം ആരുടേതാണ് ?

c) 'കലഹിനീദമനകം' ആരുടെ കൃതിയാണ് ?

d) ജനാധിപത്യം ഏറ്റവും വലിയ വിഡ്ഢിത്തമാണെന്ന് പറഞ്ഞതാര് ?

5) ചേരുംപടി ചേർക്കുക.

a) ചിതയിലെ വെളിച്ചം – കെ. പി. അപ്പൻ

b) സാഹിത്യസാഹ്യം – വി. രാജകൃഷ്ണൻ

c) ക്ഷോഭിക്കുന്നവരുടെ സുവിശേഷം – ഏ. ആർ. രാജരാജവർമ്മ

d) രോഗത്തിന്റെ പൂക്കൾ – എം. എൻ. വിജയൻ

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) പഴയ സാഹിത്യവിമർശനത്തിന്റെ സ്വഭാവമായി ഗുപ്തൻ നായർ കാണുന്നതെന്ത് ?

7) ''ഇങ്ങനെ നോക്കുമ്പോൾ ഭാഷാഭിവൃദ്ധിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഗുണ ദോഷ വിചിന്തനമായിരുന്നു ജോർജ്ജ് മാത്തന്റെ പ്രഥമ ഗ്രന്ഥനിരൂപണമെന്ന് കാണാം'' – വിശദമാക്കുക.

8) ''മരണത്തേക്കാൾ ദാരുണമായ ദുരനുഭവങ്ങൾ ജീവിതത്തിലുണ്ടെന്ന് അവർക്ക് ബോദ്ധ്യമാകും'' ആർക്ക് ? എപ്പോൾ ?'' വ്യക്തമാക്കുക.

9) ''ഇന്ത്യൻ നവോത്ഥാനമെന്നത് പലരും കരുതുന്നതുപോലെ ഏകമുഖമായ ഒന്നല്ല'' വിശദമാക്കുക.

10) കാല്പനികദു:ഖവും ആധുനികദു:ഖവും കെ. പി. അപ്പൻ വേർതിരിക്കുന്നതെങ്ങനെ ?

11) കേസരി സമുദായത്തിലെ വിഷംതീനികൾ എന്ന് വിശേഷിപ്പിച്ചതാരെ ? എന്തുകൊണ്ട് ?

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) ''നിഷ്പക്ഷ നിരൂപകർ സ്വപക്ഷപാതത്തോട് വഞ്ചന കാട്ടുന്നവരാണ്'' വ്യക്തമാക്കുക.

13) 'ഒരർത്ഥത്തിൽ പാരമ്പര്യത്തെ പരിപോഷിപ്പിക്കുന്ന പുരുഷസങ്കല്പങ്ങളിന്മേലുള്ള കടന്നാക്രമണമാണ് വിജയലക്ഷ്മിയുടെ കവിത' – വിവക്ഷിതം വിശദമാക്കുക.



14) ''മലയാളിയുടെ വായനയുടെയും അഭിരുചികളുടെയും നടുവിൽ ഒരു ഉടഞ്ഞ കണ്ണാടി പ്രതിഷ്ഠിക്കുകയായിരുന്നു 'ഖസാക്കിന്റെ ഇതിഹാസ'മെഴുതുമ്പോൾ ഒ. വി. വിജയൻ'' വിവക്ഷിതമെന്ത് ? വിശദമാക്കുക.

15) 'ജീർണ്ണതയിൽ നിന്ന് കലാസൗന്ദര്യം വാറ്റിയെടുക്കുകയാണ് പാടുന്ന പിശാചിൽ' വ്യക്തമാക്കുക.

16) 'ഒരു റോഡിലൂടെ നടക്കാനുള്ള അവകാശത്തിനായി സന്യാസി കോടതി കയറില്ല' വിവക്ഷിതമെന്ത് ? വിശദമാക്കുക.

17) 'ചുരുക്കിപ്പറഞ്ഞാൽ പ്രാസവാദം ഇംഗ്ലീഷ് ശൈലിപ്രകാരമുള്ള 'ചായക്കോപ്പയിലെ കൊടുങ്കാറ്റാ'യിരുന്നില്ല' – വിശദമാക്കുക.

18) ''കവറേജ് ഏരിയയ്ക്ക് പുറത്തുള്ള ജീവിതങ്ങളെ പെണ്ണെഴുത്തിനും വേണ്ട ആണെഴുത്തിനും വേണ്ട'' – വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) മലയാള നിരൂപണത്തിന്റെ വളർച്ചയിൽ പത്രമാസികകൾ വഹിച്ച പങ്ക് വിശകലനം ചെയ്യുക.

20) മലയാള സാഹിത്യത്തിൽ ഇന്ന് ഒരാധുനിക മിത്താണ് 'ഖസാക്കിന്റെ ഇതിഹാസം' – സമർത്ഥിക്കുക.

21) കാളിദാസൻ കാലത്തിന്റെ ദാസനാണെന്ന് മുണ്ടശ്ശേരി സമർത്ഥിക്കുന്നതെങ്ങനെ ? ഉപന്യസിക്കുക.

22) നിരൂപണത്തിലെ പക്ഷപാതം എന്താണ് ? മാരാരുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

23) എഴുത്തുകാരുടെ അന്യതാദുഃഖത്തെക്കുറിച്ചുള്ള കെ. പി. അപ്പന്റെ നിരീക്ഷണങ്ങൾ എഴുതുക.

---